**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2788** **17.06.2019-ൽ മറുപടിക്ക്**

# വ്യാപാര -വ്യവസായ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) വ്യാപാര-വ്യവസായ സ്ഥാപനങ്ങൾക്ക് മികവിന്റെ അടിസ്ഥാനത്തിലുള്ള ഗ്രേഡിംഗ് ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റിനു കീഴിൽ വരുന്ന വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് അവരുടെ പ്രവർത്തന മികവിനും സേവന വേതന വ്യവസ്ഥകൾക്കും പ്രോത്സാഹനം നൽകുന്നതിന് സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 2017 വർഷം മുതൽ ഗ്രേഡിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) എങ്കിൽ ഏതെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും ഗ്രേഡിംഗ് നൽകുകയെന്ന് വെളിപ്പെടുത്താമോ; | (ബി) നിലവിൽ താഴെ പറയുന്ന പൊതുമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഗ്രേഡിംഗ് നൽകിവരുന്നത്.<br>1. മികച്ച തൊഴിൽ ദാതാവ്<br>2.സംതൃപ്തരായ തൊഴിലാളികൽ<br>3.മികവുറ്റ തൊഴിൽ അന്തരീക്ഷം<br>4.തൊഴിൽ നൈപുണ്യ-വികസന പങ്കാളിത്തം.<br>5.സ്ത്രീ സൗഹൃദം<br>6.തൊഴിലാളികളുടെ ക്ഷേമം<br>7.തൊഴിലിടത്തിലെ സുരക്ഷ |
| (സി) സംസ്ഥാനത്ത് ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് നിലവിൽ ഗ്രേഡിംഗ് സംവിധാനമുള്ളതെന്ന് അറിയിക്കാമോ; | (സി) 2018 വർഷം മുതൽ താഴെ പറയുന്ന മേഖലകളിൽ ഗ്രേഡിംഗ് നടപ്പാക്കിയിട്ടുണ്ട്.<br>1.ഹോസ്പിറ്റലുകൾ<br>2.സെക്യൂരിറ്റി സ്ഥാപനങ്ങൾ<br>3.ഐ.റ്റി.സ്ഥാപനങ്ങൾ<br>4.സ്റ്റാർ ഹോട്ടലുകൾ<br>5.നിർമ്മാണ മേഖല<br>6.കടകളും വാണിജ്യസ്ഥാപനങ്ങളും |

| | | |
|---|---|---|
| (ഡി) | ഗ്രേഡിംഗ് ഏർപ്പെടുത്തുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ഡി) കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള വിവിധ വ്യാപാര സ്ഥാപനങ്ങളിലെ തൊഴിൽ അന്തരീക്ഷം, തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ എന്നിവ മെച്ചപ്പെടുത്തുക എന്നതാണ് ഗ്രേഡിംഗ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. മെച്ചപ്പെട്ട തൊഴിൽ-സാമൂഹിക അന്തരീക്ഷം പുലർത്തുന്ന സ്ഥാപനങ്ങൾക്ക് സമൂഹമദ്ധ്യത്തിൽ ഔദ്യോഗികമായി അംഗീകാരം നൽകുക വഴി സ്ഥാപനങ്ങളുടെ മത്സര ക്ഷമത, വാണിജ്യപരമായ വിശ്വാസ്യത എന്നിവ വർദ്ധിപ്പിക്കുക എന്നതും ഉദ്ദേശ്യ ലക്ഷ്യങ്ങളിൽപ്പെടുന്നു. |

സെക്ഷൻ ഓഫീസർ